# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 472 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി മൂലം ഉണ്ടാകുന്ന നികുതി വർദ്ധനവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ്<br>,, അടൂർ പ്രകാശ്<br>,, പി.ടി. തോമസ്<br>,, വി.പി.സജീന്ദ്രൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതിനു ശേഷം സംസ്ഥാനത്ത് ഉല്പന്നങ്ങളുടെ വില വർദ്ധിച്ചു വരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ജി.എസ്.ടി നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവു വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കുവേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ |

| | | | |
|---|---|---|---|
| | | | ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടു പോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.<br>കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാനതലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30 ന് വിൽപ്പനക്കാരുടെ കൈയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതു സംബന്ധിച്ച ആശയക്കുഴപ്പവും വിപണിയിൽ പ്രതിഫലിച്ചു.<br>സംസ്ഥാനത്തിനകത്തും ഇതിന്റെ അനുകരണനങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ കാർട്ടൽ പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയെ ഒരു പരിധി വരെ കടിഞ്ഞാൺ ഇടാൻ ഇതു മൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.യുടെ പ്രാരംഭഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കു കയുണ്ടായി. ഈ പരാതികൾ പരിഹരി ക്കുന്നതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി. യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.<br>സംസ്ഥാനത്തിന് പുറത്തു നിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ട ത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷി ക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. |
| (ബി) | നിലവിൽ ഈടാക്കി വന്നിരുന്ന വ്യത്യസ്തമായ നികുതികൾക്ക് പുറമെ ജി.എസ്.ടിയും ഈടാക്കുന്നുവെന്നതായ പരാതി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ചരക്കുസേവന നികുതിയിൽ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി പലഭാഗങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളു മായും വ്യാപാരസംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കു ന്നതിന്റെ ഭാഗമായി വ്യാപാരികൾക്കു ണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ജില്ലാതലത്തിലും താലൂക്ക്തലത്തിലും ബോധവൽക്കരണക്ലാസുകൾ നടത്തുകയും അവർക്ക് നിരന്തരം സംശയനിവാരണം നടത്തുന്നതിനുവേണ്ടി ജില്ലാകേന്ദ്രങ്ങളിലും ഹെഡ്ക്വാർട്ടേഴ്സിലും ഫെസിലിറ്റേഷൻ |

| | | | |
|---|---|---|---|
| | | | സെന്ററുകൾ ആരംഭിച്ചിട്ടുള്ളതുമാകുന്നു. അവർ ഉന്നയിക്കുന്ന സാങ്കേതിക/നിയമ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ സെന്ററുകൾക്ക് കഴിയുന്നുണ്ട്. മാത്രവുമല്ല, പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും പരിഹാരം നേടാനും postgstquestions@kerala.gov.in എന്ന e-mail ഉം നടപ്പാക്കുകയുണ്ടായി. |
| (സി) | നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ജി.എസ്.ടി മൂലം ഉണ്ടാകുന്ന നികുതി വർദ്ധനവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ? | (സി) | ആദ്യത്തെ ജി.എസ്.ടി റിട്ടേൺ സമർപ്പിക്കുന്നതിന് സെപ്തംബർ 10 വരെ സമയം അനുവദിച്ചിട്ടുണ്ട്. അതിനുശേഷമേ നികുതി വളർച്ചയുടെ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**